(സി) ഇത്തരം സംഘട്ടനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജയിൽപുള്ളികൾ തമ്മിൽ സംഘട്ടനമുണ്ടായ ഒരു സംഭവം ഉണ്ടായിട്ടുണ്ട്.

(ബി) കണ്ണൂർ സെൻട്രൽ ജയിലിൽ 22.6.1998-ന് തടവുകാർ തമ്മിൽ സംഘട്ടനമുണ്ടായി.

(സി) ജയിലിൽ പ്രവേശിക്കപ്പെടുന്ന തടവുകാരുടെ കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് വ്യത്യസ്ത വിഭാഗങ്ങളിൽപ്പെടുന്ന തടവുകാരെ പരസ്പരം അഭിമുഖീകരിക്കാതിരിക്കുന്ന തരത്തിൽ പ്രത്യേകം ബ്ലോക്കുകളിൽ പാർപ്പിച്ചും ഉദ്യോഗസ്ഥൻമാരുടെ കർത്തവ്യ നിർവ്വഹണത്തിൽ കർശനമായ ജാഗ്രത പാലിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും തടവുപുള്ളികളുടെ സംഘട്ടനം നിയന്ത്രിക്കുന്നുണ്ട്.

75 (1671) ശ്രീ. പി. ജയരാജനെ ആക്രമിച്ച സംഭവം

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി കിഴക്കേ കതിരൂരിൽ കഴിഞ്ഞ തിരുവോണനാളിൽ ക്രൂരമായ ആക്രമണത്തിന് വിധേയനായ ശ്രീ. പി. ജയരാജനെ ആക്രമിച്ച പ്രതികളിൽ എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്; എത്ര പ്രതികളെ ഇനി പിടികൂടാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അക്രമികളെ കണ്ടുപിടിക്കുന്നതിനുള്ള തെരച്ചിൽ ഊർജ്ജിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 5 പ്രതികളെ അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. മൂന്ന് പ്രതികൾ കോടതിയിൽ നേരിട്ട് ഹാജരായിട്ടുമുണ്ട്. തിരിച്ചറിഞ്ഞ ഒരു പ്രതിയേയും കണ്ടാലറിയാവുന്ന 20 പേരെയും ഇനി അറസ്റ്റു ചെയ്യാനുണ്ട്.

(ബി) ഇനിയും അറസ്റ്റു ചെയ്യാനുള്ള പ്രതികളെ കണ്ടുപിടിക്കുന്നതിനു വേണ്ടി പ്രത്യേകം സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതു സംബന്ധിച്ച് പാനൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 169/99 ആയി ഐ.പി.സി. 143, 147, 148, 452, 324, 307, 436, 149 എന്നീവകുപ്പുകൾ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly